# പതിനൊന്നാം കേരള നിയമസഭ
## ആറാം സമ്മേളനം
2003 ജൂൺ 20-ാം തീയതി വെള്ളിയാഴ്ച

### വാങ്മൂലം മറുപടി നൽകേണ്ട ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ -30)


121) കേരള ട്രാൻസ്പോർട്ട് പ്രോജക്റ്റ് നടത്തുന്ന റോഡ് വികസന പദ്ധതി
122) റോഡു നിർമ്മാണത്തിനു മേൽനോട്ടം വഹിക്കാൻ സമിതികൾ
123) വിദേശ രാഷ്ട്രങ്ങൾ നിഷ്ക്കർഷിച്ച പ്രകാരം പാഠ്യപദ്ധതിയിൽ വരുത്തിയ മാററങ്ങൾ
124) സ്വാശ്രയ എൻജിനീയറിംഗ് കോളേജുകളിലെ വാർഷിക ഫീസ്
125) സർക്കാർ ഭൂമി ഹിന്ദുസ്ഥാൻ ലിവർ കമ്പനി കൈവശം വയ്ക്കുകയും നിർമ്മാണം നടത്തുകയും ചെയ്തത് സംബന്ധിച്ച അന്വേഷണം
126) എഞ്ചിനീയറിംഗ്, മെഡിക്കൽ എൻട്രൻസ് പരീക്ഷകളുടെ നടത്തിപ്പിനെക്കുറിച്ച് പരാതി
127) മൈത്രി ഭവന നിർമ്മാണ പദ്ധതി പ്രകാരം നൽകിയ വായ്പ
128) യു.എ.ഇ.യിലെ പൊതുമാപ്പിന്റെ കാലാവധി
129) ഭവന നിർമ്മാണ ബോർഡ് നൽകുന്ന വായ്പയ്ക്ക് ഈടാക്കുന്ന പലിശ
130) ഭവന നിർമ്മാണ ബോർഡ് നൽകിയ ലോൺ
131) നാഷണൽ ഹൈവേയിൽ നിർമ്മിക്കുന്ന ബൈപാസുകൾ
132) നഗരപാതകളിൽ നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള സംവിധാനം
133) ദുർബല വിഭാഗങ്ങൾക്ക് സ്ഥലം വാങ്ങി വീടുവയ്ക്കുന്നതിന് വായ്പ നൽകുന്ന പദ്ധതി
134) നിലവിലുള്ള ആർട്ട്സ് ആന്റ് സയൻസ് കോളേജുകളിൽ പുതിയ കോഴ്സുകൾ അനുവദിക്കാനുള്ള ശുപാർശ
135) സാർവ്വത്രികവും സൗജന്യവുമായ വിദ്യാഭ്യാസ സമ്പ്രദായം നിലനിർത്തുന്നതിന് നടപടി
136) പ്രവാസി മലയാളികൾക്ക് ക്ഷേമനിധി
137) പുതിയ എമിഗ്രേഷൻ ചട്ടങ്ങൾമൂലമുള്ള ബുദ്ധിമുട്ടുകൾ
138) സി.ആർഎഫ് സ്കീമിലെ പദ്ധതികൾ
139) സർവ്വശിക്ഷാ അഭിയാൻ പദ്ധതി
140) എൽ.പി. സ്കൂൾ അപ്ഗ്രേഡ് ചെയ്യുന്നതിനുള്ള മാനദണ്ഡങ്ങൾ
141) പാഠപുസ്തകങ്ങൾ കൃത്യസമയത്ത് വിതരണം ചെയ്യാൻ നടപടി
142) ബിരുദധാരികളെ പ്രൊഫഷണൽ ഗുണങ്ങളുള്ളവരാക്കി മാറ്റുന്നതിന് നവീന പദ്ധതി
143) സ്വകാര്യ കോളേജദ്ധ്യാപകരുടെ രാഷ്ട്രീയ സ്വാതന്ത്ര്യം
144) ബൈപാസ് റോഡുകളുടെ നിർമ്മാണ പുരോഗതി
145) കരാർ ജോലികൾ നിശ്ചിത സമയത്ത് തീർക്കാൻ നടപടി
146) താലൂക്ക് ആഫീസുകളുടെ കമ്പ്യൂട്ടറൈസേഷൻ
147) ഗവൺമെന്റ് ഹയർ സെക്കറി സ്കൂളുകളിൽ നടത്തിവരുന്ന സ്വാശ്രയ പ്ളസ് ടു കോഴ്സുകൾ
148) വരൾച്ചാ ദുരിതാശ്വാസത്തിനായി കേന്ദ്രസഹായം
149) റവന്യൂ വകുപ്പിൽ 'ഗുഡ് ഗവേണൻസ്' നടപ്പിലാക്കാൻ നടപടി
150) ഏകീകൃത സർവ്വകലാശാലാ നിയമം


### കേരള ട്രാൻസ്പോർട്ട് പ്രോജക്റ്റ് നടത്തുന്ന റോഡ് വികസന പദ്ധതി

121. ശ്രീ. വി. ജെ. പൗലോസ് :
ശ്രീ. എൻ. ശക്തൻ:
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ :
ശ്രീ. ഡി. സുഗതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ ട്രാൻസ്പോർട്ട് പ്രോജക്റ്റ് ഏതെല്ലാം റോഡുകളുടെ വികസനമാണ് നടത്തേണ്ടതെന്ന് തീരുമാനിക്കുന്നതാരാണ്;

(ബി) എന്തു മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് പ്രസ്തുത പ്രോജക്റ്റ് റോഡുപണി ഏറ്റെടുക്കുന്നത്; വിശദാംശം വ്യക്തമാക്കാമോ?

**ഉത്തരം**

**ഡോ. എം.കെ. മുനീർ (മരാമത്തു വകുപ്പു മന്ത്രി):**

(എ) ഒരു സ്ട്രാറ്റിക് ഓപ്ഷൻ സ്റ്റഡിയുടെ അടിസ്ഥാനത്തിൽ 9000 കി.മി റോഡുകളിൽനിന്നും 2810 കി.മി റോഡുകൾ ആദ്യം തെരെഞ്ഞെടുത്ത് ഈ റോഡുകളെ സംബന്ധിച്ച് ഒരു വിശദമായ ഫീസിബിലിറ്റി റിപ്പോർട്ട് തയ്യാറാക്കി. ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മുന്തിയ EIRR ഉം (ഇക്കണോമിക്സ് ഇന്റേണൽ റേറ്റ് ഓഫ് റിട്ടേൺ), NPV ഉം (നെറ്റ് പ്രെസന്റ് വാല്യു ) ഉള്ള റോഡുകളാണ് അന്തിമമായി പണി ഏറ്റെടുത്തു നടത്തുന്നതിന് വേണ്ടി തെരഞ്ഞെടുത്തത്.

## റോഡു നിർമ്മാണത്തിനു മേൽനോട്ടം വഹിക്കാൻ സമിതികൾ

122. ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. തോമസ് ചാഴികാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റോഡുകളുടെ അററകുററപ്പണികൾക്ക് അനുവാദം നൽകാനും നിർമ്മാണത്തിന് മേൽനോട്ടം വഹിക്കാനും സമിതികൾ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദാംശംങ്ങൾ അറിയിക്കാമോ;

(സി) സംസ്ഥാനത്തെ റോഡുകൾ വെട്ടിപ്പൊളിച്ച് പൈപ്പ് ലൈൻ, ടെലിഫോൺ കേബിൾ മുതലായവ സ്ഥാപിക്കുന്നതുമൂലമുള്ള അപകടങ്ങളും ധനനഷ്ടവും ഒഴിവാക്കാൻ പ്രസ്തുത കാര്യങ്ങൾക്ക് ഒരു സ്ഥിരം സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ?

**ഉത്തരം**

**ശ്രീ. എം.കെ.മുനീർ (മരാമത്തു വകുപ്പുമന്ത്രി) :-**

(എ & ബി) റോഡുകളുടെ അറ്റകുറ്റപ്പണികൾക്ക് അനുവാദം നൽകുവാനും പ്രവൃത്തി പുരോഗതി വിലയിരുത്തുന്നതിനും സംസ്ഥാനതലത്തിലും ജില്ലാതലത്തിലും ടാസ്ക് ഫോഴ്സ്കൾ രൂപീകരിക്കുകയും ഈ സമിതികൾ പ്രവർത്തിച്ചുവരികയും ചെയ്യുന്നുണ്ട്.

(സി)റോഡുകളുടെ കീഴെ പൈപ്പുകളും കേബിളുകളും സ്ഥ ിപിക്കുന്നതു വഴിയുണ്ടാകുന്ന താൽക്കാലിക ഗതാഗതതടസ്സങ്ങൾ പരിമിതപ്പെടുത്തുക,റോഡിന്റെ അവസ്ഥ തൃപ്തികരമായി പുനസ്ഥാപിക്കുക തുടങ്ങിയ ക ാര്യങ്ങൾഏകോപിതമായി ചെയ്യുന്നതിനും പുരോഗതി അവലോകനം ചെയ്യുന്നതിന്നുമായി ജില്ലാതല കോ ഒർഡിനേഷൻ കമ്മിറ്റികൾ പ്രവർത്തിക്കുന്നുണ്ട്. മേൽക്കാര്യങ്ങളുടെ ഇപ്പോഴത്തെ നിർവ്വഹണരീതി മെച്ചപ്പെടു ത്തുന്നതിനായി ചില നിർദ്ദേശങ്ങൾ ചർച്ചചെയ്യുകയും അവയുടെ അടിസ്ഥാനത്തിൽ കുടുതൽ തൃപ്തികരമായ ഒരു ക്രമീകരണത്തിന് രൂപം കൊടുത്തുവരികയുമാണ്.

## വിദേശ രാഷ്ട്രങ്ങൾ നിഷ്ക്കർഷിച്ച പ്രകാരം പാഠ്യപദ്ധതിയിൽ വരുത്തിയ മാററങ്ങൾ

123. ശ്രീ. വർക്കല കഹാർ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീമതി രാധാരാഘവൻ :
ശ്രീ. കെ. എ. ചന്ദ്രൻ :
ശ്രീ. എ. സുജനപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡബ്ല്യൂ ടി. ഒ. നിയമപ്രകാരം വിദേശരാഷ്ട്രങ്ങൾ നിഷ്ക്കർഷിക്കുന്ന പ്രത്യേക വിദ്യാഭ്യാസ യോഗ്യതയില്ലാത്തവർക്ക് വിദേശത്ത് തൊഴിൽ ലഭിക്കാനുള്ള സാദ്ധ്യത തടഞ്ഞിട്ടുണ്ടോ;

(ബി) എങ്കിൽ വിദേശ രാജ്യങ്ങൾ നിഷ്ക്കർഷിക്കുന്ന യോഗ്യത ലഭിക്കത്തക്കവണ്ണം നമ്മുടെ പാഠ്യപദ്ധതിയിൽ മാററം വരുത്തേണ്ടത് ആവശ്യമാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ അതനുസരിച്ച് പാഠ്യപദ്ധതിയിൽ മാറ്റം വരുത്തിയിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ വിദേശ രാഷ്ട്രങ്ങൾ നിഷ്ക്കർഷിച്ച പ്രകാരം പാഠ്യപദ്ധതിയിൽ വരുത്തിയിട്ടുള്ള മാറ്റം എന്താണെന്ന് വ്യക്തമാക്കുമോ?

**ഉത്തരം**

**ശ്രീ. നാലകത്തുസുപ്പി(വിദ്യ ാഭ്യാസ വകുപ്പുമന്ത്രി)**

(എ)ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി). ഉദിക്കുന്നില്ല

(സി).ഉദിക്കുന്നില്ല

(ഡി).ഉദിക്കുന്നില്ല

## സ്വാശ്രയ എൻജിനീയറിംഗ് കോളേജുകളിലെ വാർഷിക ഫീസ്

124. ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. എം. വി. ജയരാജൻ :
ശ്രീ. രാജു എബ്രഹാം:
ശ്രീ. ടി. കെ. ദേവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്വാശ്രയ എൻജിനീയറിംഗ് കോളേജുകളിലെ വാർഷിക ഫീസ് നിശ്ചയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) സർക്കാർ നിയന്ത്രണത്തിലുള്ള സ്വാശ്രയ എൻജിനീയറിംഗ് കോളേജുകളിലും ഈ ഫീസ് നിരക്ക് ബാധകമാണോ;

(സി) ഫീസ് നിരക്ക് നിർണ്ണയിക്കുന്നതിന് മുമ്പ് ഗവൺമെന്റ് ഇതിനുവേണ്ടി എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ പഠനത്തിന്റെ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) ഫീസ് നിരക്ക് നിർണ്ണയിക്കുന്നതിനു മുമ്പ് സ്വാശ്രയ കോളേജുകളുടെ മാനേജ്മെന്റുമായി എന്തെങ്കിലും ചർച്ച നടത്തുകയോ ധാരണ ഉണ്ടാക്കുകയോ ചെയ്തിട്ടുണ്ടോ;

(ഇ) പട്ടികജാതി – പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഈ ഫീസ് നിരക്ക് ബാധകമാണോ;

(എഫ്) സ്വാശ്രയ എൻജിനീയറിംഗ് കോളേജുകൾക്ക് ഡെപ്പോസിറ്റ് വാങ്ങുന്നതിന് അനുമതി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര;

(ജി) നിർദ്ദിഷ്ട ഫീസിനു പുറമേ കോളേജു മാനേജ്മെന്റ് ഡെവലപ്മെന്റ് ഫണ്ട് എന്ന പേരിൽ തുക വാങ്ങുന്നതായി പരാതി ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതു തടയുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

**ഉത്തരം**
**ശ്രീ. നാലകത്തുസൂപ്പി ( വിദ്യാഭ്യാസ വകുപ്പുമന്ത്രി) :-**

(എ).ഉണ്ട്. ഇതുസംബന്ധിച്ച് 25.3.03 ൽ പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് ജിഒ(അർ.ടി) നം718/03/ഉവിവ അനുബന്ധമായി ചേർത്തിട്ടുണ്ട്.

(ബി).അതെ.

(സി). ഉണ്ട്. ഫീസ് നിർണ്ണയിക്കാൻ നിയോഗിക്കപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശുപാർശയുടെ അടിസ് ഥാനത്തിലാണ് ഫീസ് നിശ്ചയിച്ചിട്ടുള്ളത്.

(ഡി) ചർച്ച നടത്തിയിട്ടുണ്ട്.

(ഇ)അതെ. എന്നാൽ പട്ടികജാതി–പട്ടികവർഗ്ഗ വികസനവകുപ്പിൽ നിന്ന് അവർക്ക് ഫീസാനുകൂല്യം നൽകുന്നുണ്ട്.

(എഫ്).മാനേജ്മെന്റ് സീറ്റുകളിൽ ഒരു ലക്ഷം രൂപയിൽ കൂട്ടാത്ത തുക പഠനം പൂർത്തിയായ ശേഷം തിരിച്ചു നല്കണമെന്ന വ്യവസ്ഥയിൽ വാങ്ങ്ങാൻ അനുമതി നല്കിയിട്ടുണ്ട്. എന്നാൽ ഇത് ഒഴി വാക്കാനുള്ള സ്യാതന്ത്ര്യം മാനേജ്മെന്റ്നുണ്ട്.

(ജി).സർക്കാർ നിഷ്കർഷിച്ചിട്ടുള്ള ഫീസിന് ഉപരി ഡവലപ്മെന്റ് ഫണ്ട് ഇനത്തിൽ ഒന്നും തന്നെ ഈടാക്കാൻ പാടില്ല എന്ന് കർശനമായി നിർദ്ദേശിച്ചിട്ടുണ്ട്.

## സർക്കാർ ഭൂമി ഹിന്ദുസ്ഥാൻ ലിവർ കമ്പനി കൈവശം വയ്ക്കുകയും നിർമ്മാണം നടത്തുകയും ചെയ്തത് സംബന്ധിച്ച അന്വേഷണം

125. ശ്രീ. എ. കെ. ബാലൻ :
ശ്രീ. സാജു പോൾ :
ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളത്ത് സർക്കാർ ഭൂമി ഹിന്ദുസ്ഥാൻ ലിവർ കമ്പനി കൈവശം വയ്ക്കുകയും ഇതിൽ നിർമ്മാണം നടത്തുകയും ചെയ്തതായി ഉള്ള പരാതി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ ഭൂമി തിരിച്ചെടുക്കുന്നതിന് എന്ത് നടപടി സ്വീകരിച്ചു;

(സി) ഇപ്രകാരം ഭൂമി കൈവശപ്പെടുത്തുന്നതിനും നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനും ഹിന്ദുസ്ഥാൻ ലിവർ കമ്പനിക്കാവശ്യമായ ഒത്താശകൾ ചെയ്തുകൊടുത്ത് റവന്യൂ ഉദ്യോഗസ്ഥരുടെ പേരിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ഇക്കാര്യത്തിൽ സമഗ്രമായ അന്വേഷണം നടത്തുമോ?

**ഉത്തരം**

**ശ്രീ. കെ.എം.മാണി (റവന്യവും നിയമവും വകുപ്പുമന്ത്രി) :-**

(എ).ഉണ്ട്.

(ബി).കണയന്നൂർ താലൂക്കിൽ എറണാകുളം വില്ലേജിൽ ടാറ്റാ ഓയിൽ മിൽസിന്റെ കൈവശത്തിലിരുന്ന 7 ഏക്കർ 33.825 സെന്റ് സ്ഥലം കണയന്നൂർ താലൂക്ക് ലാൻഡ് ബോർഡ് ചെയർമാൻ 16..6..99-ലെ 12445/75 നംപർ നടപടിപ്രകാരം മിച്ചഭൂമിയായി പ്രഖ്യാപിക്കുകയും, ടി ഭൂമി ഏറ്റെടുക്കുന്നതിന് ഉത്തരവാകുകയും ചെയ്തു. ഹിന്ദുസാഥാൻ ലിവർ കമ്പനി ഫയൽ ചെയ്ത സി.ആർ.പി.1591/99-ൽ ഇനിയൊരു ഉത്തരവിണ്ടാകുന്നതുവരെ ടി ഭൂമി ഏറ്റെടുക്കുന്നതിനെതിരെ ബഹു: ഹൈക്കോടതി സ്റ്റേ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതിനാൽ ഈ ഭൂമി ഏറ്റെടുക്കാൻ കഴിഞ്ഞിട്ടില്ല.

എറണാകുളം വില്ലേജിൽ 215/ 6, 7, 8, 10, 12 എന്നീ നമ്പരുകളിൽപ്പെട്ട 4.44 ആറ് തോട് പുറമ്പോക്ക് കയ്യേറിയതും പഴയ സർവ്വേ 1236-ൽ പെട്ട ഗ്രൗണ്ട് റെന്റിന് നൽകിയിരുന്ന സ്ഥലത്ത് പണിതിട്ടുള്ള കെട്ടിടെ പൊളിച്ചുമാറ്റുന്നതിനും ഹിന്ദുസ്ഥാൻ ലിവർ കംപനിക്ക് നോട്ടീസ് നൽകിയിട്ടുണ്ടു്. ഈ നോട്ടീസുകൾ പ്രകാരമുള്ള നടപടികളും ഹൈക്കോടതി സ്റ്റേ ചെയ്തിരിക്കുകയാണ്. ഈ സ്റ്റേ നീക്കം ചെയ്യാനുള്ള നടപടികളും സ്വീകരിച്ചു വരുന്നു.

(സി ആന്റ് ഡി)

റവന്യൂ ഉദ്യോഗസ്ഥർ നടപടികളിൽ വീഴ്ച വരുത്തിയതായി പരാമർസിക്കുന്ന ശ്രീ.െസ്.ബിജു സമർപ്പിച്ച പരാതിയിൻമേൽ നിയമസഭാപെറ്റീഷൻ കമ്മിറ്റി തെളിവെടുപ്പ് നടത്തിക്കൊണ്ടിരിക്കുകയാണ്.

**എഞ്ചിനീയറിംഗ്, മെഡിക്കൽ എൻട്രൻസ് പരീക്ഷകളുടെ നടത്തിപ്പിനെക്കുറിച്ച് പരാതി**

126. ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടത്തിവരുന്ന എഞ്ചിനീയറിംഗ്, മെഡിക്കൽ എൻട്രൻസ് പരീക്ഷകളുടെ നടത്തിപ്പിനെക്കുറിച്ച് വ്യാപകമായ പരാതികൾ ഉയർന്നുവരുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിന്റെ കാരണങ്ങളെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(സി) എൻട്രൻസ് പരീക്ഷാ നടത്തിപ്പിന്റെ നിലവിലുള്ള സംവിധാനങ്ങളിൽ എന്തെങ്കിലും മാറ്റം വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) ഉണ്ടെങ്കിൽ എന്തൊക്കെ മാററങ്ങളാണ് വരുത്തുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

**ഉത്തരം**

**ശീ. നാലകത്തു സൂപ്പി (വിദ്യാഭ്യാസ വകുപ്പുമന്ത്രി) :-**

(എ) എഞ്ചിനീയറിംഗ്/മെഡിക്കൽ എൻട്രൻസ് പരീക്ഷകളുടെ നടത്തിപ്പിനെക്കുറിച്ച് പരാതികൾ ഒന്നും ലഭിച്ചിട്ടില്ല .എന്നാൽ ചോദ്യ പേപ്പറുകളെ സംബന്ധിക്കുന്ന ചില പരാതികൾ വിദ്യാർത്ഥികളിൽ നിന്നും രക്ഷിതാക്കളിൽ നിന്നും ലഭിച്ചിട്ടുണ്ട്. മാദ്ധ്യമങ്ങളിൽ വന്ന ചില വാർത്തകളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) മുൻ ഉത്തരവിന്റെ വെളിച്ചത്തിൽ ബാധകമല്ല.

(സി) തത്ക്കാലം ആലോചനയില്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

**മൈത്രി ഭവന നിർമ്മാണ പദ്ധതി പ്രകാരം നൽകിയ വായ്പ**

127. ശ്രീ. കെ. എ. ചന്ദ്രൻ :
ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :

ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് മൈത്രി ഭവന പദ്ധതിപ്രകാരം എത്ര തുകയാണ് വായ്പ നൽകിയത്;

(ബി) പ്രസ്തുത കാലയളവിൽ ഈയിനത്തിൽ കൂടുതൽ തുക ചെലവഴിക്കാൻ കഴിയാതെ വന്നതെന്തുകൊണ്ടാണ്;

(സി) ഈ സർക്കാരിന്റെ കാലത്ത് ഇതുവരെ ഈയിനത്തിൽ എത്ര തുക വിതരണം ചെയ്യാൻ കഴിഞ്ഞിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

**ഉത്തരം**

**ശ്രീ. കെ.എം.മാണി റവന്യൂവും നിയമവും വകുപ്പുമന്ത്രി) :-**

(എ) മുൻസർക്കാരിന്റെ കാലത്ത് മൈത്രീ ഭവന പദ്ധതി പ്രകാരം 3.75 ലക്ഷം വീടുകൾ നിർമ്മിക്കുന്നതിന് ആകെ 712 കോടി രൂപ ഹഡ്കോയിൽ നിന്ന്ും വായ്പ എടുത്തിരുന്നു. എന്നാൽ ഇതിൽ നിന്നും 2.3 ലക്ഷം വീടുകൾക്കായീ 437 കോടി രൂപ മാത്രമാണ് വായ്പയായീ നൽകിയത്.

(ബി) മൈത്രീ ഭവന പദ്ധതിക്കായി ഹഡ്കോയിൽ നിന്നും വായ്പയായി വാങ്ങിയ 712 കോടി രൂപയിൽ 275 കോടി രൂപ മറ്റാവശ്യങ്ങൾക്ക് വേണ്ടി ബോർഡ് വക മാറ്റി ചെലവഴിച്ചു. കൂടാതെ മൈത്രി ഭവന ആന്വിറ്റി ഡെപ്പോസിറ്റ് പ്രകാരം ഗുണഭോക്താക്കളുടെ തിരിച്ചടവിനായി ത്രിതല പഞ്ചായത്തുകളിൽ നിന്നും മറ്റുമായി ബോർഡ് സ്വരൂപിച്ച 217 കോടി രൂപ വക മാറ്റി ചെലവഴിക്കുകയുണ്ടായി. ഇക്കാരണങ്ങളാൽ ആ കാലഘട്ടത്തിൽ മൈത്രീ ഭവന പദ്ധതി പ്രകാരം ഗുണഭോക്താക്കൾക്ക് കൂടുതൽ തുക വായ്പയായി നല്കാൻ കഴിഞ്ഞില്ല.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 52003 വരെ മൈത്രി ഭവന പദ്ധതിപ്രകാരം 36.58 കോടി രൂപ ധനകാര്യ സ്ഥാപനങ്ങളെ ആശ്രയിക്കാതെ ചെലവഴിക്കുകയുണ്ടായി. ഇതിനകം 21552 വീടുകൾ പൂർത്തിയാക്കി. 13952 വീടുകളുടെ പണി പുരോഗമിക്കുന്നു. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നിർത്തിവച്ച മൈത്രി ഭവന പദ്ധതി ഉൾപ്പെടെയുള്ള വിവിധ വായ്പ പദ്ധതികളിലെ ഗുണഭോക്താക്കൾക്കുള്ള ഒന്നാം ഗഡു വായ്പാ വിതരണം 2003 മെയ് മാസത്തിൽ പുനരാരംഭിച്ചു.

## യു.എ.ഇ.യിലെ പൊതുമാപ്പിന്റെ കാലാവധി

128. ശ്രീ. എം. കുമാരൻ :

ശ്രീ. പി. എസ്. സുപാൽ :

ശ്രീ. പി. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു.എ.ഇ.യിലെ പൊതുമാപ്പിന്റെ കാലാവധി ദീർഘിപ്പിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര കാലത്തേക്കുകൂടി ദീർഘിപ്പിച്ചിട്ടുണ്ടെന്നു വ്യക്തമാക്കുമോ;

(സി) ഇതുവരെയുള്ള പൊതുമാപ്പ് പ്രയോജനപ്പെടുത്തി എത്ര മലയാളികൾ തിരിച്ചെത്തിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ഡി) പൊതുമാപ്പ് അർഹിക്കുന്ന എത്പപേർ ഇനി തിരിച്ചെത്തുവാൻ ഉണ്ടെന്നു കണക്കാക്കിയിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ അവരെ തിരികെ കൊണ്ടുവരുന്നതിനു സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

**ഉത്തരം**

**ശ്രീ. എം.എം. ഹസ്സൻ (ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) :-**

(എ) ഉണ്ട്.

(ബി) യു.എ.ഇ.യിലെ പൊതുമാപ്പിന്റെ കാലാവധി 1..1..2003 മുതൽ 30. 04 2003 വരെ ആയിരുന്നു. അത് പിന്നീട് 30..05..2003 വരെ ദീർഘിപ്പിച്ചിരുന്നു. വീണ്ടും 30..06..2003 വരെ ദീർഘിപ്പിച്ചതായി മാദ്ധ്യമങ്ങൾ വഴി അറിയാൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ ഔദ്യോഗിക അറിയിപ്പൊന്നും ഇക്കാര്യത്തിൽ സർക്കാരിനു ലഭിച്ചിട്ടില്ല.

(സി)യും (ഡി) യും ഇത് സംബന്ധിച്ച വിവരമൊന്നും സർക്കാരിനു ലഭിച്ചിട്ടില്ല. വിദേശകാര്യ മന്ത്രാലയവുമായും യു.എ.ഇ. യിലെ നയതന്ത്രകാര്യാലയങ്ങളുമായും ഇക്കാര്യത്തിൽ രേഖാമൂലം ബന്ധപ്പെട്ടിട്ടുണ്ട്.

(ഇ) യു.എ.ഇ.-യിൽ പൊതുമാപ്പ് പ്രഖ്യാപിച്ച ദിവസം തന്നെ സംസ്ഥാന മന്ത്രിസഭ നോർക്ക-ഇൻഫർമേഷൻ മന്ത്രിയുടെ നേതൃത്വത്തിൽ ഒരു ക്യാബിനറ്റ് സബ്കമ്മിറ്റിക്ക് രൂപം നൽകുകയുണ്ടായി.

പ്രസ്തുത കമ്മിറ്റി അന്നുതന്നെ യോഗംചേർന്ന് ഇക്കാര്യത്തിൽ സ്വീകരിക്കേണ്ട നടപടികളെക്കുറിച്ച് ചർച്ച ചെയ്യുകയും തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്. തുടർന്ന് തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിലെ കളക്ടർമാർ,

ഉയർന്ന പോലീസ് ഉദ്യോഗസ്ഥർ, എയർപോർട്ട്, കസ്റ്റംസ്, പാസ്പോർട്ട് തുടങ്ങി ഇതുമായി ബന്ധപ്പെട്ട പ്രധാന ഉദ്യോഗസ്ഥരുടെ ഒരു സമ്മേളനം തിരുവനന്തപുരത്ത് സംഘടിപ്പിക്കുകയും പൊതുമാപ്പ് പ്രയോജനപ്പെടുത്തി നാട്ടിൽ വരുന്നവർക്ക് എല്ലാ സഹായവും ചെയ്തുകൊടുക്കേണ്ടതാണെന്ന് നിർദ്ദേശിക്കുകയും ചെയ്തു. ആവശ്യമെന്നു കണ്ടാൽ കൂടുതൽ വിമാന സർവ്വീസുകൾ ഏർപ്പെടുത്തുന്നതിനും, ബോംബെയിൽ നിന്നും കേരളത്തിലേക്ക് ട്രെയിൻ സർവ്വീസ് സൗജന്യമായി ഏർപ്പെടുത്തുന്നതിനും വ്യോമയാന മന്ത്രാലയം, റെയിൽവേ മന്ത്രാലയം എന്നിവയുമായി നിവേദനത്തിലൂടെ ആവശ്യപ്പെട്ടു. ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുന്നതിന് മുഖ്യമന്ത്രിയും പ്രധാനമന്ത്രിക്ക് നിവേദനം നൽകിയിട്ടുണ്ട്. പൊതുമാപ്പ് പ്രയോജനപ്പെടുത്തി നാട്ടിലെത്തുന്ന മലയാളികളുടെ പ്രശ്നങ്ങൾ നേരിട്ടു മനസ്സിലാക്കുന്നതിന് നോർക്കവകുപ്പു സെക്രട്ടറി യു.എ.ഇ. സന്ദർശിക്കുകയും ഇൻഡ്യൻ നയതന്ത്ര കാര്യാലയങ്ങളുമായും യു.എ.ഇ.-യിലെ ഇക്കാര്യങ്ങൾ നോക്കുന്ന മന്ത്രിയുമായും ചർച്ച നടത്തുകയുമുണ്ടായി.

## ഭവന നിർമ്മാണ ബോർഡ് നൽകുന്ന വായ്പയ്ക്ക് ഈടാക്കുന്ന പലിശ

129. ശ്രീ. എം. എ. ചന്ദ്രശേഖരൻ :
പ്രൊഫസർ സാവിത്രി ലക്ഷ്മണൻ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. വർക്കല കഹാർ :
ശ്രീമതി മേഴ്സി രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഭവന നിർമ്മാണ ബോർഡിൽ നിന്നും മുൻകാലങ്ങളിൽ വായ്പയെടുത്ത നിലവിലുള്ള വായ്പക്കാർ നൽകേണ്ടിയിരുന്ന പലിശ എത്രയായിരുന്നു;

(ബി) പ്രസ്തുത പലിശയുടെ തോതു കുറയ്ക്കാൻ ഈ ഗവൺമെന്റിനു കഴിഞ്ഞുവോ; എങ്കിൽ വിശദവിവരം നൽകുമോ;

(സി) ഭവന നിർമ്മാണ ബോർഡ് നിലവിൽ ഈടാക്കുന്ന പലിശയുടെ തോത് എത്രയാണ് ;

(ഡി) മുൻകാലങ്ങളിൽ ഈടാക്കിക്കൊണ്ടിരുന്ന പലിശയുടെ തോത് എത്രയാണ്;

(ഇ) നബാർഡിൽ നിന്നും മറ്റു ഫൈനാൻസിംഗ് ഏജൻസികളിൽ നിന്നും എത്ര ശതമാനം പലിശക്കാണ് സംസ്ഥാന ഭവന നിർമ്മാണ ബോർഡിന് ലോൺ കിട്ടുന്നതെന്ന് വെളിപ്പെടുത്തുമോ?

**ഉത്തരം**

**ശ്രീ. കെ.എം. മാണി (റവന്യൂവും നിയമവും വകുപ്പുമന്ത്രി) :-**

(എ)

| | | |
|---|---|---|
| 1. | ദുർബല വിഭാഗക്കാർക്കുള്ള വായ്പ (കൃത്യമായി തിരിച്ചടക്കുന്നവർക്ക് 8.5% പലിശ സബ്സിഡി കഴിച്ച് 5%) | 13.5% വരെ |
| 2. | താഴ്ന്ന വരുമാന വിഭാഗ വായ്പ പദ്ധതികൾ | 11.5% മുതൽ 15.5% വരെ |
| 3. | ഇടത്തരം വരുമാന വിഭാഗ വായ്പാ പദ്ധതികൾ | 12.5% മുതൽ 18.25% വരെ |
| 4. | ഉയർന്ന വരുമാന വിഭാഗ വായ്പാ പദ്ധതികൾ | 16% മുതൽ 20% വരെ |

(ബി) മുൻകാലങ്ങളിൽ ഉയർന്ന പലിശയ്ക്ക് (11.5% മുതൽ 20% വരെ) ഹഡ്കോയിൽ നിന്നും വായ്പയായി എടുത്ത തുകകൾ, ഹഡ്കോ നിവാസിൽ നിന്നും 410 കോടി രൂപ കുറഞ്ഞ പലിശ നിരക്കിൽ വായ്പയായി എടുത്ത് തിരിച്ചടക്കുവാൻ ധാരണാപത്രം വഴി ഭവന നിർമ്മാണ ബോർഡിനു കഴിഞ്ഞു. പലിശയിൽ ലഭിച്ച ലാഭം ബോർഡിന്റെ നിലവിലുള്ള 30000-ൽ അധിക ഗുണഭോക്താക്കൾക്ക് കൈമാറുവാൻ തീരുമാനിച്ചതുമൂലം ബോർഡുമായി ഉയർന്ന പലിശനിരക്കിൽ കരാറുവച്ച് വായ്പ എടുത്തിട്ടുള്ളവർക്ക് പലിശയിൽ 1.5% മുതൽ 4.5% വരെ ഇളവു ലഭിക്കും.

(സി) മുടക്കം കൂടാതെ തിരിച്ചടവു നടത്തുന്നവരുടെ പലിശ
13.5% വരെ

| | | |
|---|---|---|
| | | കൃത്യമായി തിരിച്ചടയ്ക്കുന്നവർക്ക് 8.5% പലിശ സബ്സിഡി കഴിച്ച് 5% |
| 2. | താഴ്ന്ന വരുമാന വായ്പാ പദ്ധതികൾ | 10% മുതൽ 13.5% വരെ |
| 3. | ഇടത്തരം വരുമാന വിഭാഗ വായ്പാ പദ്ധതികൾ | 12% മുതൽ 14.5% വരെ |
| 4. | | ദുർബല വിഭാഗക്കാർക്കുള്ള വായ്പാ പദ്ധതി |
| 1. | ദുർബല വിഭാഗക്കാർക്കുള്ള വായ്പാ പദ്ധതി | 13.5% വരെ (കൃത്യമായി തിരിച്ചടയ്ക്കുന്നവർക്ക് 8.5% പലിശ സബ്സിഡി കഴിച്ച് 5%) |
| 2. | താഴ്ന്ന വരുമാന വിഭാഗ വായ്പാ പദ്ധതികൾ | 11.5% മുതൽ 15.5% വരെ |
| 3. | ഇടത്തര വരുമാന വായ്പാ പദ്ധതികൾ | 12.5% മുതൽ 18.25% വരെ |
| 4. | ഉയർന്ന വരുമാന വിഭാഗ വായ്പാ പദ്ധതികൾ | 16% മുതൽ 20% വരെ |
| | (ഡി) | |
| 1. | ദുർബല വിഭാഗക്കാർക്കുള്ള വായ്പാ പദ്ധതി | 13.5% വരെ കൃത്യമായി തിരിച്ചടയ്ക്കുന്നവർക്ക് 8.5% പലിശ സബ്സിഡി കഴിച്ച് 5% |
| 2. | താഴ്ന്ന വരുമാന വിഭാഗ വായ്പാ പദ്ധതികൾ | 11.5% മുതൽ 15.5% വരെ |
| 3. | ഇടത്തര വരുമാന വിഭാഗ വായ്പാ പദ്ധതികൾ | 12.5% മുതൽ 18.25% വരെ |
| 4. | ഉയർന്ന വരുമാന വിഭാഗ വായ്പാ പദ്ധതികൾ | 16% മുതൽ 20% വരെ |
| | (ഇ) ഹഡ്കോ | 9.91 % |
| | ഹഡ്ക്കോ നിവാസ് | 10% |

ഹഡ്കോ (23..5..03)
ലഭിച്ച 20 കോടി രൂപയ്ക്കുള്ള വായ്പ — 13% (5 കോടി രൂപക്ക്)

യൂണിയൻ ബാങ്ക് ഓഫ് ഇൻഡ്യ — 15% (8.63 കോടി രൂപക്ക്)

ഫെഡറൽ ബാങ്ക് — 12.5% (8 കോടി രൂപയ്ക്ക്) **10% (25 കോടി രൂപക്ക്)**

## <u>ഭവന നിർമ്മാണ ബോർഡ് നൽകിയ ലോൺ</u>

130. ശ്രീ. വി.ഡി. സതീശൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. പി.ടി. തോമസ്:
ശ്രീ. ടി.എൻ. പ്രതാപൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഭവന നിർമ്മാണ ബോർഡിന് സ്വന്തം ഫണ്ട് കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ടോ;

(ബി) എങ്കിൽ എന്തു തുക കണ്ടെത്തിയിട്ടുണ്ട്;

(സി) ബോർഡിന്റെ സ്വന്തം ഫണ്ടിൽ നിന്ന് സംസ്ഥാന ഭവന നിർമ്മാണ ബോർഡിന് എന്തു തുകയ്ക്കുള്ള ലോൺ നൽകാൻ കഴിഞ്ഞെന്ന് വെളിപ്പെടുത്തുമോ;

(ഡി) പ്രസ്തുത ലോൺ എത്ര പേർക്ക് നൽകിയിട്ടുണ്ട്;

(ഇ) ബോർഡിന്റെ സ്വന്തം ഫണ്ടുപയോഗിച്ച് ഭവന നിർമ്മാണ ബോർഡ് നൽകിയ വായ്പയുടെ പലിശ എത്രയാണെന്ന് വെളിപ്പെടുത്താമോ ?

<u>ഉത്തരം</u>

**ശ്രീ. കെ.എം. മാണി (റവന്യൂവും നിയമവും വകുപ്പുമന്ത്രി) വകുപ്പുമന്ത്രി) :-**

(എ)& (ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഭവന നിർമ്മാണബോർഡ് വായ്പ, ഹയർ പർച്ചേഴ്സ് ഇനത്തിൽ ഗുണഭോക്താക്കളിൽ നിന്നുള്ള തിരിച്ചടവ് ഊർജ്ജിതപ്പെടുത്തുന്നതിന് ശ്രദ്ധ കേന്ദ്രീകരിച്ചതിനാൽ റിക്കവറിയിൽ 65% വർദ്ധനവ് ഉണ്ടാക്കാൻ കഴിഞ്ഞു. ഇതുമൂലം 2003 മെയ് മാസം വരെ 190.15 കോടി രൂപ ഗുണഭോക്താക്കളിൽ നിന്നും പിരിച്ചെടുക്കാൻ കഴിഞ്ഞു. മറ്റു ധനകാര്യ സ്ഥാപനങ്ങളെ ആശ്രയിക്കാതെ ബോർഡിന്റെ ദൈനംദിന പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നതിന് ഈ വരുമാനം സഹായിച്ചു.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ബോർഡിന്റെ തനതു ഫണ്ടിൽ നിന്നും 46.36 കോടി രൂപ ഗുണഭോക്താക്കൾക്ക് വായ്പയായി ചെലവഴിച്ചു.

(ഡി) 30.4.2003-ലെ കണക്കുകൾ പ്രകാരം വിവിധ വായ്പാ പദ്ധതികളിൽ 22334 പേർക്ക് വീടുകൾ പൂർത്തിയാക്കുന്നതിന് വായ്പ നൽകി.

## <u>നാഷണൽ ഹൈവേയിൽ നിർമ്മിക്കുന്ന ബൈപാസുകൾ</u>

131. ശ്രീ. മോയിൻകുട്ടി:
ശ്രീ. സി. മമ്മൂട്ടി:
ശ്രീ. ടി.പി.എം. സാഹിർ:
ശ്രീ. കളത്തിൽ അബ്ദുള്ള:
ശ്രീ. കെ.എൻ.എ. ഖാദർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്ത് നാഷണൽ ഹൈവേയിൽ എത്ര ബൈപാസുകളാണ് നിർമ്മിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) എത്ര എണ്ണത്തിന്റെ പണി പൂർത്തിയായിരിക്കുന്നു എന്ന് വെളിപ്പെടുത്തുമോ;

(സി) ഇനിയും പൂർത്തിയാകാത്ത ബൈപാസുകൾ ഏതെല്ലാം;

(ഡി) ഇവയുടെ പണി പൂർത്തിയാക്കുന്നതിനുള്ള കാലതാമസത്തിന്റെ കാരണം വ്യക്തമാക്കുമോ?

**<u>ഉത്തരം</u>**

**ഡോ. എം.കെ. മുനീർ (മരാമത്ത് വകുപ്പു മന്ത്രി):-**

(എ) ) സംസ്ഥാനത്ത് നാഷണൽ ഹൈവേകളിൽ നിർമ്മിക്കാൻ തീരുമാനിച്ച 12 ബൈപാസുകളിൽ വടകര, പാലക്കാട്, ചാലക്കുടി, തൃശ്ശൂർ, ആലുവ, കൊച്ചി എന്നിവ മുൻപേ തന്നെ പൂർത്തിയാക്കപ്പെട്ടിരുന്നു. ആലപ്പുഴ ബൈപാസ് നിർമ്മാണം പൂർത്തിയാക്കാനുള്ള അനുമതി ലഭിച്ചു കഴിഞ്ഞു. കോഴിക്കോട് ബൈപാസിന്റെ ഒരു ഘട്ടം കൂടി പണിയുന്നതിനും അനുമതി ലഭിച്ചിട്ടുണ്ട്. തിരുവനന്തപുരം നെയ്യാറ്റിൻകര ബൈപാസ് പണി നടന്നുകൊണ്ടിരിക്കുന്നു. തലശ്ശേരി, കൊയിലാണ്ടി എന്നിവയുടെ സ്ഥലമെടുപ്പ് നടന്നുവരുന്നു. കൊല്ലം ബൈപാസിന്റെ പണിക്കുള്ള കേന്ദ്രാനുമതി ലഭിച്ചിട്ടില്ല.

## <u>നഗരപാതകളിൽ നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള സംവിധാനം</u>

132. **ശ്രീ. കെ. മോഹൻകുമാർ: താഴെ** കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ;

(എ) തിരക്കേറിയ നഗരപാതകളിൽ നടത്തുന്ന നിർമ്മാണ/പുനരുദ്ധാരണ പ്രവർത്തനങ്ഹൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) മാനദണ്ഡങ്ങൾ ഉണ്ടെങ്കിൽ അവ നടപ്പിലാക്കുന്നതും വിലയിരുത്തുന്നതും ഏത് ഡിപ്പാർട്ടുമെന്റാണ്;

(സി) പി.ഡബ്ല്യു.ഡി. പാതകൾ വിവിധ ആവശ്യങ്ങൾക്കായി ഗവൺമെന്റ് ഏജൻസികളും സ്വകാര്യ സംരംഭകരും പരപ്പോഴായി വെട്ടി മുറിക്കുന്നത് ഒഴിവാക്കാൻ പൊതുധാരണയും ഏകോപിത സംവിധാനവും ഏർപ്പെടുത്തുമോ?

<u>ഉത്തരം</u>

**ഡോ. എം.കെ. മുനീർ (മരാമത്ത് വകുപ്പു മന്ത്രി):-**

(എ) +(ബി)

തിരക്കേറിയ നഗരപാതകളിൽ നടത്തുന്ന നിർമ്മാണ/പുനരുദ്ധാരണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് പൊതുമരാമത്ത്, ജില്ലാകളക്ടർ, വൈദ്യുതി വകുപ്പ് എന്നിവർ അടങ്ങിയ ഏകോപന സമിതി ശ്രദ്ധിച്ചു വരുന്നു. ഇതിന് പുറമെ പൊതുമരാമത്ത് വകുപ്പ് താഴെപറയുന്ന നടപടികളും സ്വീകരിച്ചുവരുന്നു.

1. എഗ്രിമെന്റ് റേറ്റ് ഓഫ് പ്രോഗ്രസ് ഉൾപ്പെടുത്തുന്നു.
2. കാലാവധിക്കുള്ളിൽ പണി പൂർത്തിയാക്കുന്നവർക്ക് ബോണസും വീഴ്ചവരുത്തുന്നവർക്ക് പിഴയും ഏർപ്പെടുത്തുന്നു.

3. ഓരോ മാസവും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെയും കോണ്ട്രാക്ടർമാരുടെയും കോൺഫറൻസുകൾ നടത്തി പണിയുടെ പുരോഗതി അവലോകനം ചെയ്യുന്നു.

4. വിവിധ ആവശ്യങ്ങൾക്കായി പി.ഡബ്ല്യു.ഡി പാതകൾ പലപ്പോഴായി വെട്ടിമുറിക്കുന്നത് ഒഴിവാക്കുന്നതിനും റോഡുകളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനും കർശനമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുകയും പുതിയ ക്രമീകരണങ്ങൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

## ദുർബല വിഭാഗങ്ങൾക്ക് സ്ഥലം വാങ്ങി വീടുവയ്ക്കുന്നതിന് വായ്പ നൽകുന്ന പദ്ധതി

133. ശ്രീ. എഴുകോൺ നാരായണൻ:
ശ്രീമതി. മാലേത്ത് സരളാദേവി:
ശ്രീമതി. മേഴ്സി രവി:
ശ്രീ. വി. ബാലറാം:
ശ്രീ. ലൂഡി ലൂയിസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ;

(എ) ദുർബല വിഭാഗങ്ങൾക്ക് സ്ഥലം വാങ്ങി വീടുവയ്ക്കുന്നതിന് വായ്പയും ധനസഹായവും നൽകുന്നതിനുള്ള പദ്ധതി നിലവിൽ ഉണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പദ്ദതിയുടെ വിശദാംശം നൽകാമോ;

(ബി) ഈ പദ്ധതി പ്രകാരം എത്ര തുകയാണ് നൽകിവരുന്നത്;

(സി) ഈ തുക വർദ്ധിപ്പിക്കാൻ ഉദ്ദേശമുണ്ടോ?

ഉത്തരം

**ശ്രീ. കെ.എം. മാണി (റവന്യൂവും നിയമവും വകുപ്പു മന്ത്രി):-**

(എ) ആന്റ് (ബി)

വീടും സ്ഥലവും ഇല്ലാത്ത ദുർബല വിഭാഗത്തിൽപ്പെട്ടവർക്ക് സ്ഥാലം വാങ്ങി വീടുവയ്ക്കുന്നതിന് വായ്പയും ധനസഹായവും നൽകുന്ന ഒരു പദ്ദതി ആവിഷ്ക്കരിച്ചിട്ടുണ്ട്. ഇതു പ്രകാരം ഭൂമി വാങ്ങുന്നതിന് ഗ്രാമപ്രദേശങ്ങളിൽ 10,000 രൂപയും നഗരപ്രദേശങ്ങളിൽ 20,000 രൂപയും വായ്പയായി കുറഞ്ഞ പലിശനിരക്കിൽ അനുവദിക്കാവുന്നതാണ്. കൂടാതെ ടി വസ്തുവിൽ 30,000 രൂപ നിർമ്മാണ ചിലവ് വരുന്ന വീട് നിർമ്മിക്കുന്നതിന് 19,000 വായ്പയും 9,000 രൂപ സബ്സിഡിയും ഉൾപ്പെടെ 28,000 രൂപ അനുവദിക്കും. 1000 രൂപ ഗുണഭോക്താവിന്റെയും 1000 രൂപ സന്നദ്ധസംഘടനയുടെയും വിഹിതമായിരിക്കും. ഇങ്ങനെ ഈ പദ്ധതിപ്രകാരം ഗ്രാമപ്രദേശങ്ങളിൽ 40,000 രൂപയും നഗരപ്രദേശങ്ങളിൽ 50,000 രൂപയുമാണ് അനുവദിക്കുവാൻ ഉദ്ദേശിക്കുന്നത്. ഈ പദ്ധതി നടപ്പിലാക്കി തുടങ്ങിയിട്ടില്ല.

(സി) ഇപ്പോൾ ഉദ്ദേശിക്കുന്നില്ല.

## നിലവിലുള്ള ആർട്ട്സ് ആന്റ് സയൻസ് കോളേജുകളിൽ പുതിയ കോഴ്സുകൾ അനുവദിക്കാനുള്ള ശുപാർശ

134. ശ്രീ. പി.ജെ. ജോയി:
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ:
ശ്രീ. കെ.സി. വേണുഗോപാൽ:
ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ:
ശ്രീ. ടി.യു. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ;

(എ) നിലവിലുള്ള ആർട്ട്സ് ആന്റ് സയൻസ് കോളേജുകളിൽ ഈ വർഷം പുതിയ കോഴ്സുകൾ അനുവദിക്കാൻ ഉദ്ദേശമുണ്ടോ;

(ബി) ഇതുസംബന്ധിച്ച് സർവ്വകലാശാലകളുടെ ശുപാർശ കിട്ടിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

**ശ്രീ. നാലകത്ത് സൂപ്പി (വിദ്യാഭ്യാസ വകുപ്പു മന്ത്രി):-**

(എ) നിലവിലുള്ള കോളേജുകളിൽ സെൽഫ് ഫിനാൻസിംഗ് വ്യവസ്ഥയിൽ പുതിയ കോഴ്സുകൾ അനുവദിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ട്.

(ബി)യും (സി)യും

സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ്/അൺഎയ്ഡഡ് കോളേജുകളിൽ പുതിയ കോഴ്സുകൾ അനുവദിക്കുന്നത് സംബന്ധിച്ച് കേരള, മഹാത്മാഗാന്ധി, കോഴിക്കോട്, കണ്ണൂർ സർവ്വകലാശാലകളിൽ നിന്നും ശുപാർശ ലഭിച്ചിട്ടുണ്ട്. ശുപാർശയിൻമേൽ സർക്കാർ തീരുമാനമെടുത്തിട്ടില്ല.

## സാർവ്വത്രികവും സൗജന്യവുമായ വിദ്യാഭ്യാസ സമ്പ്രദായം നിലനിർത്തുന്നതിന് നടപടി

135. ശ്രീ. പി. നാരായണൻ:
ശ്രീ. കെ.പി. രാജേന്ദ്രൻ:

ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്ത് സാർവ്വത്രികവും സൗജന്യവുമായ വിദ്യാഭ്യാസം നിലനിൽക്കുന്നുണ്ടോ;

(ബി) എങ്കിൽ ഏത് ക്ലാസുവരെയുള്ള വിദ്യാർത്ഥികൾക്കാണ് സൗജന്യ വിദ്യാഭ്യാസം നൽകുന്നതെന്ന് വ്യ്കമതാക്കുമോ;

(സി) ഹൈസ്ക്കൂൾ വിദ്യാർത്ഥികൾക്ക് പ്രതിമാസ ഫീസ് ഏർപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഏതെല്ലാം ഇനത്തിൽ എത്ര ഫീസ് വീതം ഏർപ്പെടുത്തുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(ഇ)സാർവ്വത്രികവും സൗജന്യവുമായി വിദ്യാഭ്യാസ സമ്പ്രദായം നിലനിർത്തുന്നതിന് ഈ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ;

(എഫ്) ഇല്ലെങ്കിൽ എന്ത് കൊണ്ടാണെന്ന് വിശദമാക്കുമോ?

**ഉത്തരം**

**ശ്രീ. നാലകത്ത് സൂപ്പി (വിദ്യാഭ്യാസ വകുപ്പു മന്ത്രി):-**

(എ) ഉണ്ട്.

(ബി) സർക്കാർ സ്കൂളുകളിൽ 1 മുതൽ 12 വരെയുള്ള ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്കാണ് സൗജന്യ വിദ്യാഭ്യാസം നൽകുന്നത്.

(സി) ആന്റ് (ഡി)

ഇല്ല. സംസ്താനത്തെ ഹൈസ്ക്കൂൾ ക്ലാസ്സുകളിൽ കമ്പ്യൂട്ടർ ക്ലാസുകളിൽ കമ്പ്യൂട്ടർ വിദ്യാഭ്യാസം ഏർപ്പെടുത്തിയതിന്റെ ഭാഗമായി പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾ ഒഴികെ ഒരു വിദ്യാർത്ഥിയിൽനിന്നും 25 രൂപയിൽ കൂടാത്ത തുക 10 മാസക്കാലം ഈടാക്കുവാൻ സർക്കാർ/എയിഡഡ് സക്കൂളുകൾക്ക് 29.9.2001-ലെ ജി.ഒ. എം.എസ് 297 യ 2001/പൊ.വി. നംപർ സർക്കാർ ഉത്തരവ് പ്രകാരം അനുമതി നൽകിയിട്ടുണ്ട്. ഇതല്ലാതെ മറ്റ് പ്രതിമാസ ഫീസുകളൊന്നും ഏർപ്പെടുത്തിയിട്ടില്ല.

(ഇ) ഉണ്ട്.

(എഫ്) ബാധകമല്ല.

**പ്രവാസി മലയാളികൾക്ക് ക്ഷേമനിധി**

136. ശ്രീ. കെ.പി. മോഹനൻ:
ശ്രീ. സി.കെ. നാണു:
ശ്രീ. എ.സി. ഷൺമുഖദാസ്:
ഡോക്ടർ നീലലോഹിതദാസൻ നാടാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ;

(എ) പ്രവാസി മലയാളികൾക്കുവേണ്ടി ഒരു ക്ഷേമനിധി ഏർപ്പെടുത്തുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച് എന്തൊക്കെ നടപടികളാണ് ഇതുവരെ സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ;

(സി) പ്രവാസി മലയാളികളെ സഹായിക്കുന്നതിന് സംസ്ഥാന സർക്കാർ ആവിഷ്ക്കരിച്ച പദ്ധതികൾ എന്തൊക്കെയാണ്; വിശദാംശം വെളിപ്പെടുത്താമോ?

ഉത്തരം

**ശ്രീ. എം.എം. ഹസ്സൻ (ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പു മന്ത്രി):-**

(എ) വിദേശത്തുനിന്നും മടങ്ങിയെത്തി നാട്ടിൽ സ്ഥിരതാമസമാക്കിയ താഴ്ന്ന വരുമാനക്കാരായ പ്രവാസി മലയാളികൾക്ക് വേണ്ടി ഒരു ക്ഷമനിധി ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

(ബി) പ്രവാസി കേരളകാര്യ വകുപ്പിന്റെ ഫീൽഡ് ഏജൻസിയായ ''റൂട്ടസ്-എൻ ആർ.കെ. ഡവലപ്മെന്റ് ഇനിഷ്യേറ്റീവ്'' എന്ന കമ്പനി മുഖേനയാണ് ക്ഷേമനിധി ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നത്. ഇതിലേക്ക് ആവശ്യമായ പ്രാരംഭ പദ്ധതിരേഖ മേൽകമ്പനി സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

(സി) 1) പ്രവാസി മലയാളികൾക്ക് വേണ്ടി എൽ.ഐ.സി യുമായി സഹകരിച്ച്കൊണ്ട് നടപ്പിലാക്കിയ പ്രവാസി സ്വാശ്രയ എന്ന സാമൂഹ്യസുരക്ഷാ പദ്ധതി

2) പ്രവാസി മലയാളികളായ വ്യവസായ സംരംഭകറെ സഹായിക്കുന്നതിലേക്ക് വേണ്ടി ''എൻ.ആർ.കെ പ്രോജക്ട് ഇനിഷ്യേറ്റീവ് ഫണ്ട്''

3) പ്രവാസി മലയാളികൾക്കുവേണ്ടി എമർജൻസി രിപാട്രിയേഷൻ ഫണ്ട്. മേൽ പ്രസ്താവിച്ച പദ്ധതികളുടെ ഉത്തരവുകൾ അനുബന്ധമായി ചെർത്തിട്ടുണ്ട്.

**പുതിയ എമിഗ്രേഷൻ ചട്ടങ്ങൾമൂലമുള്ള ബുദ്ധിമുട്ടുകൾ**

137. ശ്രീ. പിരപ്പൻകോട് മുരളി:
ശ്രീ. മഞ്ഞളാംകുഴി അലി:

ശ്രീ. കെ.വി. കുഞ്ഞിരാമൻ:

ശ്രീ. ടി.കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ;

(എ) കേന്ദ്ര തൊഴിൽ മന്ത്രാലയം ഏർപ്പെടുത്തിയ പുതിയ എമിഗ്രേഷൻ ചട്ടങ്ങൾ വിദേശത്ത് തൊഴിൽതേടി പോകുന്ന മലയാളികളുടെ ഭാവിയെ എങ്ങനെയൊക്കെയാണ് ദോഷകരമായി ബാധിക്കുക എന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇവരെ രക്ഷിക്കുന്നതിന് ഗവൺമെന്റ് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) നേരത്തെതന്നെ വിസ ലഭിച്ച് എമിഗ്രേഷൻ നടപടികൾക്ക് കാത്തിരിക്കുന്നവർക്കും പുതിയ എമിഗ്രേഷൻ ചട്ടങ്ങൾമൂലം എമിഗ്രേഷൻ ക്ലിയറൻസ് ലഭിക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇക്കാര്യം പരിഹരിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

**ശ്രീ. എം.എം. ഹസ്സൻ (ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പു മന്ത്രി):-**

(എ) (എ)യും (ബി)യും കേന്ദ്ര തൊഴിൽ മന്ത്രാലയം ഏർപ്പെടുത്തിയ പുതിയ എമിഗ്രാഷൻ ചട്ടങ്ങൾ വിദേശത്ത് തൊഴിൽ തേടിപ്പോകുന്ന മലയാളികളെ ദോഷകരമായി ബാധിക്കുന്നവയാണെന്ന് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യം വ്യക്തമാക്കിക്കൊണ്ട് നോർക്ക വകുപ്പുമന്ത്രി കേന്ദ്ര വിദേശകാര്യ വകുപ്പുമന്ത്രിക്കും, കേന്ദ്ര തൊഴിൽ വകുപ്പു മന്ത്രിക്കും, നേരിട്ടുകണ്ട് നിവേദനം നൽകിയിട്ടുണ്ട്.

(സി)യും (ഡി)യും

ഇക്കാര്യത്തിൽ അനുയോജ്യമായ തീരുമാനം കൈക്കൊള്ളാമെന്ന് കേന്ദ്ര ഗവൺമെന്റ് സമ്മതിച്ചിട്ടുണ്ട്.

## <u>സി.ആർഎഫ് സ്കീമിലെ പദ്ധതികൾ</u>

138. ശ്രീ. ജോണി നെല്ലൂർ:

ശ്രീ. എ.എൻ. രാജൻ ബാബു:

ശ്രീ. കെ.കെ. ഷാജു:

ശ്രീ. ഷിബു ബേബിജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ;

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സി.ആർ.എഫ്. സ്കീമിൽ ഉൾപ്പെടുത്തി എത്ര പദ്ധതികൾ പൂർത്തിയാക്കി എന്നതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) ഈ സ്കീമിൽ ഉൾപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്ന പ്രധാന പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) സി.ആർഎഫ് സ്കീമിൽ ഉൾപ്പെടുത്തുന്നതിന് ലഭിക്കുന്ന അപേകൾ ഏത് മാനദണ്ഡത്തിലാണ് പരിഗണിക്കുന്നതെന്നും സ്കീമിൽ ഉൾപ്പെടുത്തുന്നതെന്നും വിശദമാക്കുമോ?

<u>ഉത്തരം</u>

**ഡോ. എം.കെ. മുനീർ (മരാമത്തുവകുപ്പു മന്ത്രി):-**

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇടപ്പള്ളി-തേവർ-അരൂർ റോഡ്, കോവളം-രാറശ്ശാല റോഡ്, അരൂർ-അരുക്കുറ്റി പാലം എന്നീ പണികൾ സെൻട്രൽ റോഡ് ഫണ്ട് സഹായത്തോടെ പൂർത്തിയാക്കിയിട്ടുണ്ട്.

(ബി) കേന്ദ്രാനുമതിക്കായി കാത്തിരിക്കുന്ന പണികൾ തിരുവനന്തപുരത്ത് എം.എൽ.എ ഹോസ്റ്റൽ മുതൽ എയർപോർട്ടുരെയുള്ള റോഡ്, കടമ്പാട്-മണ്ണടി- ഏനാത്ത്-ഏഴംകുളം റോഡ്, കല്ലടുക്ക-ചെർക്കള റോഡ് പ്രാവച്ചമ്പലം-ഊരൂട്ടമ്പലം-മലയിൻകീഴ് റോഡ് എന്നിവയാണ്.

(സി) കേന്ദ്ര ഉപരിതല ഗതാഗത വകുപ്പിന്റെ സി.ആർ.എഫ് സ്കീം സംബന്ധിച്ച നിബന്ധനകൾ പാലിക്കുന്നവയിൽ നിന്ന് വളരെ പരിമിതമായ സി.ആർ.എഫ് വിഹിതത്തിനുള്ളിൽ ഒതുങ്ങി നിർക്കുന്ന രീതിയിലാണ് പദ്ധതികൾ നിർദ്ദേശിക്കുന്നത്.

## <u>സർവ്വശിക്ഷാ അഭിയാൻ പദ്ധതി</u>

139. ശ്രീ. മഞ്ഞളാംകുഴി അലി:

ശ്രീ. മത്തായി ചാക്കോ;

ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ:

ശ്രീമതി. പി.കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ;

(എ) സർവ്വശിക്ഷാ അഭിയാൻ പദ്ധതിയുടെ ലക്ഷ്യങ്ങൾ എന്തൊക്കെയാണ്; ഇവയിൽ ഈ സംസ്ഥാനത്തിന് ബാധകമായവ ഏത്;

(ബി) കഴിഞ്ഞ സ്കൂൾ വർഷം ഈ പദ്ധതി പ്രകാരം സംസ്ഥാനത്തിന് എത്ര തുക ലഭിച്ചു; എത്ര തുക ചെലവഴിച്ചു; ചെലവിന്റെ വിശദമായ വിവരം വെളിപ്പെടുത്തുമോ;

(സി) ഈ വർഷം എത്ര തുക ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്;

(ഡി) സർവ്വശിക്ഷാ അഭിയാൻ പദ്ധതി നടപ്പിലാക്കുന്നതിന് എന്തൊക്കെ മുന്നൊരുക്കങ്ങളാണ് പദ്ധതിയിൽ നിർദ്ദേശിച്ചിട്ടുള്ളത്; സംസ്ഥാനത്ത് അവ പൂർത്തിയാക്കിയിട്ടുണ്ടോ;

(ഇ) ഈ പദ്ധതിയുടെ നടത്തിപ്പിന്റെ ചുമതല സംസ്ഥാനത്ത് ഇപ്പോൾ ആർക്കാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

**ശ്രീ. നാലകത്ത് സൂപ്പി (വിദ്യാഭ്യാസ വകുപ്പു മന്ത്രി):-**

(എ)

1. 2003 അദ്ധ്യയന വർഷത്തോടെ എല്ലാ സ്ക്കൂൾ പ്രായമെത്തിയ കുട്ടികളെയും സ്കൂളിൽ എത്തിക്കുക.
2. 2007 വർഷത്തോടെ എല്ലാ കുട്ടികൾക്കും അഞ്ചു വർഷം സ്കൂൾ വിദ്യാഭ്യാസം ലഭ്യമാക്കിയതായി ഉറപ്പുവരുത്തുക
3. 2010 ഓടെ എല്ലാ കുട്ടികളും എലിമെന്ററി വിദ്യാഭ്യാസം(8 വർഷം സ്കൂൾ വിദ്യാഭ്യാസം) പൂർത്തിയാക്കുക
4. തൃപ്തികരമായതും ഗുണമേൻമയുള്ളതും ജീവത്തിനുതകുന്നതമായ എലിമെന്ററി വിദ്യാഭ്യാസം ലഭ്യമാക്കുക.
5. ഘട്ടം ഘട്ടമായി സാമൂഹികവും ലിംഗപരവുമായ വേർതിരിവ് ഇല്ലാതാക്കുക.
6. സ്വന്തം കഴിവുകൾ പരമാവധി പ്രയോജനപ്പെടുത്തി കുട്ടികൾ പഠിക്കാനുള്ള അവസരം ഉറപ്പാക്കുക
7. 2010 ഓടെ കൊഴിഞ്ഞ് പോക്ക് പൂർണ്ണമായും ഇല്ലാതാക്കുക

സംസ്ഥാനത്തിന് ബാധകമായവ:

1. 2010-ഓടെ എല്ലാ കുട്ടികൾക്കും എലിമെന്ററി വിദ്യാഭ്യാസം ലഭ്യമാക്കുക(ആദിവാസി മേഖലയിലും, തീരദേശത്തിലും, തോട്ടം മേഖലകളിലും ഇനിയും സ്ക്കൂളിൽ എത്തിച്ചരാത്ത കുട്ടികൾക്ക് പ്രത്യേക പരിഗണന ലഭിക്കേണ്ട കുട്ടികൾക്കും മുന്തിയ പരിഗണന നൽകാനാണ് ഈ പദ്ധതി വിഭാവനം ചെയ്യുന്നത്.
2. ഗുണമേൻമയുള്ളതും ജീവിതത്തിനുതകുന്നുമായ വിദ്യാഭ്യസം നൽകുക
3. ഘട്ടം ഘട്ടമായി സാമൂഹികവും ലിംഗപരവുമായ വേർതിരിവ് ഇല്ലാതാക്കുക
4. സ്വന്തം കഴിവുകൾ പരമാവധി പ്രയോജനപ്പെടുത്തി പഠിക്കാനുള്ള അവസരം ഉറപ്പാക്കുക

(ബി) കഴിഞ്ഞ സ്കൂൾ വർഷം പദ്ധതി പ്രകാരം ലഭിച്ച തുക 5322.03 ലക്ഷം രൂപ.

ചെലവഴിച്ച തുക: 3122.33 ലക്ഷം രൂപ

ചെലവിന്റെ വിശദവിവരങ്ങൾ

| | |
|---|---|
| സിവിൽവർക്ക്സ് – | 1071.655 |
| മെയിന്റനൻസ് ആന്റ് റിപ്പയർ ഗ്രാന്റ് | 165.140 |
| സൗജന്യ പാഠപുസ്തകം | 823.934 |
| സ്കൂൾ ഗ്രാന്റ് | 280.347 |
| ടീച്ചർ ഗ്രാന്റ് | 418.015 |
| ടീച്ചർ ട്രെയിനിംഗ് | 211.032 |
| വി.ഇ.സി | 2.577 |
| ആർ.ആന്റ്.ഇ | 2.019 |
| ഇന്നവേറ്റീവ് ആക്ടിവിറ്റി | 75.202 |
| ഐ.ഇ.സി.സി | 51.177 |
| മാനേജ്മെന്റ് കോസ്റ്റ് | 10.369 |
| അദേഴ്സ് | 10.863 |

(സി) 11629.89 ലക്ഷം രൂപ

ഇതിൽ 25% സംസ്താന സർക്കാർ വിഹിതമാണ്.

(ഡി)

1. എല്ലാ ജില്ലകളിലും പത്ത് വർഷത്തേയ്ക്കുള്ള പരിപ്രേക്ഷ്യ പദ്ധതി ജനപങ്കാളിത്ത്തോടെ രൂപപ്പെടുത്തുക
2. വിട് വീടാന്ത്രം സർവ്വേ നടത്തി നിലവിലുള്ള സാമൂഹ്യ വിദ്യാഭ്യസ സാമ്പത്തിക പശ്ചാത്തലം ചിട്ടപ്പെടുത്തുക
3. ജനകീയ പങ്കളിത്തം ഉറപ്പുവരത്തക്കവിധം വിവിധ കമ്മിറ്റികൾ സംസ്ഥാന, ജില്ലാ, ബ്ലോക്ക്, പഞ്ചായത്ത് സ്കൂൾ തലങ്ങളിൽ രൂപീകരിക്കുക
4. പഞ്ചായത്ത് രാജ് സ്ഥപാപനങ്ങളുമായി പദ്ധതി രൂപപ്പെടുത്തുന്നതിനെ സംബന്ധിച്ച് ചർച്ച ചെയ്യുക
5. പദ്ധതി നടത്തിപ്പിൽ വിവിധ വകുപ്പുകളുടെ കൂട്ടായ പ്രവർത്തനങ്ങൾക്കേണ്ട ക്രമീകരണങ്ങൾ നടത്തുക

മേൽ സൂചിപ്പിച്ച ക്രമീകരണങ്ങൾ എല്ലാം പൂർത്തിയാക്കിയിട്ടുണ്ട്.

(ഇ) ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചെയർമാനും ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പു മന്ത്രി വൈസ് ചെയർമാനും പൊതുവിദ്യാഭ്യസ സെക്രട്ടറി പ്രസിഡന്റും, പൊതുവിദ്യാഭ്യാസ ഡയറക്ടർ വൈസ് പ്രസിഡന്റും സ്റ്റേറ്റ് പ്രോജക്റ്റ് ഡയറക്ടർ മെംപർ സെക്രട്ടറിയും മറ്റ് നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങളും അടങ്ങിയ എഡ്യൂക്കേഷൻ ഡവലപ്മെന്റ് സൊസൈറ്റി ആണ് കേരളത്തിൽ എസ്.എസ്.എ. പദ്ധതിയുടെ ചുമതല വഹിക്കുന്നത്.

## എൽ.പി. സ്കൂൾ അപ്ഗ്രേഡ് ചെയ്യുന്നതിനുള്ള മാനദണ്ഡങ്ങൾ

140 ടി.പി. രാമകൃഷ്ണൻ:

ശ്രീ. കെ. രാധാകൃഷ്ണൻ:

ശ്രീ. സാജുപോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്ത് എൽ.പി. സ്കൂൾ അപ്ഗ്രേഡ് ചെയ്യുന്ന കാര്യം പരിഗണനയിൽ ഉണ്ടോ;

(ബി) ഉണ്ടെങ്കിൽ സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്;

(സി) എത്ര ഗവൺമെന്റ് സ്കൂളാണ് അപ്ഗ്രേഡ് ചെയ്യാൻ ഉദ്ദേശിക്കുന്നത്;

(ഡി) അപ്ഗ്രേഡ് ചെയ്യുന്നതിന്റെ ഫലമായി സർക്കാരിനുണ്ടാകുന്ന ബാധ്യതയെത്ര;

(ഇ) ഓരോ സ്കൂളും അപ്ഗ്രേഡ് ചെയ്യുന്നതിന് അനുമതി നൽകുന്നതിനുമുമ്പ് അതിന്റെ അവശ്യകത സംബന്ധിച്ച് ആവശ്യമായ പഠനം നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

**ശ്രീ. നാലകത്ത് സൂപ്പി (വിദ്യാഭ്യാസ വകുപ്പു മന്ത്രി):-**

(എ) ഉണ്ട്.

(ബി) കേരള വിദ്യാഭ്യാസ ചട്ടങ്ങളിലെ അദ്ധ്യായം അഞ്ചിലെ റൂൾ 2-ലെ മാനദണ്ഡങ്ങൾ പ്രകാരമാണ് നിലവിലുള്ള സ്ക്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നത്.

(സി) യും (ഡി)യും

ഇക്കാര്യത്തിൽ സർക്കാർ തീരുമാനമൊന്നും എടുത്തിട്ടില്ല.

(ഇ) കെ.ഇ. ആറിലെ നിബന്ധനകൾക്കനുസൃതമായി ഡിപ്പാർട്ടമെന്റ് തലത്തിൽ പഠനം നടത്തിയതിനുശേഷമേ സ്ക്കൂൾ അപ്ഗ്രേഡ് ചെയ്യുന്നകാര്യത്തിൽ അന്തിമ തീരുമാനം എടുക്കകയുള്ളു.

## പാഠപുസ്തകങ്ങൾ കൃത്യസമയത്ത് വിതരണം ചെയ്യാൻ നടപടി

*141. ശ്രീ. മാങ്കോട് രാധാകൃഷ്ണൻ :

ശ്രീബിനോയ് വിശ്വം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഈ അദ്ധ്യയന വർഷം ഏതെല്ലാം ക്ളാസ്സുകളിലാണ് പുതിയ പാഠപുസ്തകങ്ങൾ നിലവിൽ വന്നത്;

(ബി) സംസ്ഥാനത്ത് മുഴുവൻ വിദ്യാർത്ഥികൾക്കും ആവശ്യമായ പാഠപുസ്തകങ്ങളുടെ അച്ചടി പൂർത്തിയായിട്ടുണ്ടോ;

(സി) എങ്കിൽ വിദ്യാർത്ഥികൾക്ക് കൃത്യമായി അവ എത്തിച്ചുകൊടുക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ഡി) പാഠപുസ്തകങ്ങളുടെ വില വർദ്ധിപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വില വർദ്ധിപ്പിച്ച പാഠപുസ്തകങ്ങൾ ഏതെല്ലാമാണെന്നും അവയുടെ നിലവിലുണ്ടായിരുന്ന വില എത്രയായിരുന്നെന്നും വ്യക്തമാക്കുമോ?

**ഉത്തരം**

**ശ്രീ. നാലകത്ത് സൂപ്പി (വിദ്യാഭ്യാസ വകുപ്പുമന്ത്രി):-**

(എ) സംസ്ഥാനത്ത് ഈ വർഷം ഒന്ന്, രണ്ട്, മൂന്ന്, ഒൻപത് എന്നീ ക്ളാസ്സുകളിൽ പുതിയ പാഠപുസ്തകങ്ങൾ നിലവിൽ വന്നു.

(ബി) & (സി) അച്ചടി പൂർത്തീകരിച്ചുവരുന്നു. സമയബന്ധിതമായി പാഠപുസ്തകങ്ങളുടെ അച്ചടി പൂർത്തീകരിക്കേണ്ടതിനാൽ പാഠപുസ്തകങ്ങളുടെ അച്ചടി സർക്കാർ പ്രസ്സുകളിലും സ്വകാര്യ പ്രസ്സുകളിലും ചെയ്തുവരുന്നു. കേന്ദ്ര സ്റ്റോറുകളിൽ നിന്നും പുസ്തകങ്ങൾ ജില്ലാ ഡിപ്പോകളിലേക്കും അവിടെനിന്നും സ്കൂൾ സഹകരണസംഘങ്ങൾക്കും ലഭ്യമാക്കി വരുന്നു.

(ഡി) ഉണ്ട്. 4.4.2003 ലെ ജി.ഒ.(എം.എസ്) 85/2003/ജി.ഇ.ഡി.നമ്പർ ഉത്തരവിൻപ്രകാരം ഈ അദ്ധ്യയന വർഷത്തിൽ മാറ്റമില്ലാത്ത പുസ്തകങ്ങൾക്ക് വില വർദ്ധിപ്പിക്കേണ്ടതില്ലെന്നും 1,2,3,9 എന്നീ ക്ളാസ്സുകളിലേക്കുള്ള പാഠപുസ്തകങ്ങൽക്ക് 20% വർദ്ധനവ് ഏർപ്പെടുത്തിക്കൊണ്ടും 9-ാം ക്ളാസ്സിലെ ഐ.റ്റി. പുസ്കത്തിന്റെ വില 20 രൂപയായി നിശ്ചയിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പുസ്തങ്ങളുടെ വില അടങ്ങിയ പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട്.

## ബിരുദധാരികളെ പ്രൊഫഷണൽ ഗുണങ്ങളുള്ളവരാക്കി മാറ്റുന്നതിന് നവീന പദ്ധതി

*142. ശ്രീ. എൻ. രാജൻ :
ശ്രീ. പി.എസ്. സുപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബിരുദധാരികളെ പ്രൊഫഷണൽ ഗുണങ്ങളുള്ളവരാക്കി മാറ്റുന്നതിന് ഒരു നവീന പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ;

(ബി) ഈ പദ്ധതിയിൽ എന്തെല്ലാമാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ഈ പദ്ധതിയിലൂടെ നടത്തുന്ന പരീക്ഷയുടെ മാർക്ക് മാനദണ്ഡമായി എടുത്ത് നിയമനങ്ങൾ ലഭിക്കാൻ സാദ്ധ്യതയുണ്ടോ;

(ഡി) ഈ കോഴ്സിന് ഫീസ് ഏർപ്പെടുത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര;

(ഇ) ഈ പദ്ധതിപ്രകാരമുള്ള പരീക്ഷകൾ നടത്തുന്നതിന് ചുമതലപ്പെടുത്തിയിട്ടുള്ളത് ആരെയാണെന്ന് വെളിപ്പെടുത്തുമോ?

**ഉത്തരം**

**ശ്രീ. നാലകത്ത് സൂപ്പി (വിദ്യാഭ്യാസ വകുപ്പുമന്ത്രി) :-**

(എ) പരിഗണനയിലുണ്ട്.
(ബി) തീരുമാനമെടുത്തിട്ടില്ല.
(സി) ഇപ്പോൾ പറയാൻ കഴിയില്ല.
(ഡി) ഫീസ് സംബന്ധിച്ച തീരുമാനമൊന്നും ആയിട്ടില്ല.
(ഇ) പല ഏജൻസികൾ ഉണ്ടാവും. അന്തിമ തീരുമാനം എടുത്തിട്ടില്ല.

## സ്വകാര്യ കോളേജദ്ധ്യാപകരുടെ രാഷ്ട്രീയ സ്വാതന്ത്ര്യം

*143. ശ്രീ. പി.കെ.കെ. ബാവ :
ശ്രീ. പി.കെ. അബ്ദുറബ്ബ് :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. കളത്തിൽ അബ്ദുള്ള :
ശ്രീ. സി. മോയിൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യകോളേജ് അദ്ധ്യാപകരുടെ രാഷ്ട്രീയ സ്വാതന്ത്ര്യം എടുത്തുമാറ്റുന്നതിനെ സംബന്ധിച്ച് ആലോചിക്കുന്നുണ്ടോ;

(ബി) ഇത് സംബന്ധിച്ച് തീരുമാനങ്ങൾ എടുത്തിട്ടുണ്ടോ;

(സി) എങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്തുമോ?

**ഉത്തരം**

**ശ്രീ. നാലകത്ത് സൂപ്പി (വിദ്യാഭ്യാസ വകുപ്പുമന്ത്രി) :-**

(എ) ആലോചിച്ചിട്ടില്ല.
(ബി) ആലോചിച്ചിട്ടില്ല.
(സി) ആലോചിച്ചിട്ടില്ല.

## ബൈപാസ് റോഡുകളുടെ നിർമ്മാണ പുരോഗതി

*144. ശ്രീ. കെ.കെ. ഷാജു :
ശ്രീ. ജോണി നെല്ലൂർ :
ശ്രീ. ഉമേഷ് ചള്ളിയിൽ :
ശ്രീ. ഷിബു ബേബിജോൺ :
ശ്രീ. എ.എൻ. രാജൻ ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ബൈപാസ് റോഡ് പദ്ധതികളാണ് നിർമ്മാണഘട്ടത്തിലുള്ളതെന്ന് വിശദമാക്കുമോ;

(ബി) ഇവയുടെ നിർമ്മാണ പുരോഗതി വിശദമാക്കുമോ;

(സി) എത്ര ബൈപാസ് റോഡുകൾ ഈ വർഷം പൂർത്തിയാകും എന്ന് അറിയിക്കാമോ;

(ഡി) സർക്കാർ പരിഗണനയിലുള്ള പുതിയ ബൈപാസ്റോഡ് പദ്ധതികൾ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ?

**ഉത്തരം**

**ഡോ. എം.കെ. മുനീർ (മരാമത്തു വകുപ്പുമന്ത്രി) :-**

(എ) ദേശീയപാതയിൽ ആറു പദ്ധതികളും റോഡുകളും പാലങ്ങളും വിഭാഗത്തിൽ 8 പദ്ധതികളും, നിർമ്മാണ ഘട്ടത്തിലാണ്.

(ബി) നിർമ്മാണ പുരോഗതി അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്.

(സി) റോഡുകളും പാലങ്ങളും വിഭാഗത്തിലെ ചങ്ങനാശ്ശേരി, കാഞ്ഞിരമറ്റം – മങ്ങാട്ട് കവല എന്നീ രണ്ടു ബൈപാസുകളുടെ പണി ഈ വർഷം പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

(ഡി) അനുബന്ധം 2 ആയി ചേർത്തിട്ടുണ്ട്.

## കരാർ ജോലികൾ നിശ്ചിത സമയത്ത് തീർക്കാൻ നടപടി

*145. ശ്രീ. വി. ബാലറാം :

ശ്രീ. പി.ജെ.ജോയി :

ശ്രീ. എ.പി. അനിൽകുമാർ :

ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് വർക്കുകൾ നടത്തുന്നതിനുള്ള കോൺട്രാക്ടുകൾ നൽകുമ്പോൾ വർക്കു പൂർത്തിയാക്കുന്നതിനുള്ള സമയപരിധി കരാറിൽ വ്യവസ്ഥ ചെയ്യാറുണ്ടോ;

(ബി) ഇല്ലെങ്കിൽ അതിനുള്ള നടപടി എടുക്കുമോ;

(സി) ഗവൺമെന്റു വർക്കുകൾ ഏറ്റെടുത്തു നടത്തുന്ന കരാറുകാരൻ കരാറിൽ പറഞ്ഞിരിക്കുന്ന സമയത്തിനോ അതിനു മുൻപോ പണിപൂർത്തിയാക്കുന്നപക്ഷം കരാറുകാരന് ഇൻസെന്റീവ് കൊടുക്കുവാൻ വ്യവസ്ഥ ചെയ്യാറുണ്ടോ;

(ഡി) ഇപ്രകാരം ചെയ്യുന്നത് ഗവൺമെന്റിന് ഗുണകരമാണോ ;

(ഇ) ഗവൺമെന്റ് വർക്കുകൾ ഏറ്റെടുത്തു നടത്തുന്ന കരാറുകാരൻ കരാറിൽ വ്യവസ്ഥ ചെയ്തിട്ടുള്ള സമയം കഴിഞ്ഞുമാത്രം പണി തീർത്താൽ അയാളിൽ നിന്നും പിഴ ഈടാക്കുവാൻ കരാറിൽ വ്യവസ്ഥ ചെയ്യാറുണ്ടോ ;

(എഫ്) ഇല്ലെങ്കിൽ ഇപ്രകാരം വ്യവസ്ഥ ചെയ്യുന്നതുകൊണ്ട് നിശ്ചിതസമയത്തു തന്നെ ജോലി പൂർത്തിയാക്കുവാൻ കഴിയുമോ ;

(ജി) സർക്കാർ പണികളിൽ വരുന്ന കാലതാമസത്തിനും ക്രമക്കേടുകൾക്കും ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ ഉത്തരവാദിത്വം നിർണ്ണയിക്കാനും അത് ഉറപ്പിക്കുവാനും ആവശ്യമായ നടപടികളെടുക്കുമോ എന്ന് വ്യക്തമാക്കുമോ?

**ഉത്തരം**

**ഡോ. എം.കെ. മുനീർ (മരാമത്തു വകുപ്പുമന്ത്രി) :-**

(എ) &(ബി) പണി പൂർത്തിയാക്കുന്നതിനുള്ള സമയപരിധി കരാറിൽ വ്യവസ്ഥ ചെയ്യാറുണ്ട്.

(സി) &(ഡി) കരാറിൽ പറഞ്ഞിരിക്കുന്ന സമയത്തിനു മുൻപ് തൃപ്തികരമായി പണി പൂർത്തിയാക്കിയാൽ 55 ലക്ഷം രൂപയ്ക്കു മുകളിലുള്ള കരാറുകാർക്ക് ഇൻസെന്റീവ് കൊടുക്കുവാൻ വ്യവസ്ഥയുണ്ട്. ഇത് ഗുണകരമാണ്.

(ഇ) & (എഫ്) കരാറുകാരന്റെ അനാസ്ഥ കൊണ്ട് പണിക്ക് കാലതാമസം നേരിട്ടാൽ പിഴ ഈടാക്കുവാൻ കരാറിൽ വ്യവസ്ഥയുണ്ട്.

(ജി) കാലതാമസത്തിനും ക്രമക്കേടുകൾക്കും കാരണമാകുന്ന ഉദ്യോഗസ്ഥൻമാർക്കെതിരെ നടപടികൾ എടുത്തുവരുന്നുണ്ട്.

## താലൂക്ക് ആഫീസുകളുടെ കമ്പ്യൂട്ടറൈസേഷൻ

*146. ശ്രീ. കെ. എൻ.എ. ഖാദർ :

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :

ശ്രീ. യു.സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന റവന്യൂ വകുപ്പിന്റെ കീഴിൽ താലൂക്ക് ഓഫീസുകളിലൂടെ ഇപ്പോൾ ഏതൊക്കെ സർട്ടിഫിക്കറ്റുകളാണ് കമ്പ്യൂട്ടർ സഹായത്തോടുകൂടി നൽകിവരുന്നത്;

(ബി) താലൂക്ക് ആഫീസുകളുടെ കമ്പ്യൂട്ടറൈസേഷനിലൂടെ അപേക്ഷ നൽകി എത്ര ദിവസങ്ങൾക്കകം അപേക്ഷകർക്ക് സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കുന്നുണ്ടെന്ന് പറയാമോ;

(സി) സംസ്ഥാനത്ത് നാളിതുവരെ എത്ര താലൂക്ക് ഓഫീസുകൾ കമ്പ്യൂട്ടറൈസ് ചെയ്തിട്ടുണ്ട്;

(ഡി) സംസ്ഥാനത്തെ താലൂക്ക് ഓഫീസുകളുടെ കമ്പ്യൂട്ടറൈസേഷൻ എന്നത്തേക്ക് പൂർത്തിയാക്കുവാനാണ് സർക്കാർ ലക്ഷ്യമിടുന്നതെന്ന് വ്യക്തമാക്കാമോ?

**<u>ഉത്തരം</u>**

**ശ്രീ. കെ.എം. മാണി (റവന്യൂവും നിയമവും വകുപ്പുമന്ത്രി) :-**

(എ) സംസ്ഥാനത്തെ എല്ലാ താലൂക്കാഫീസിൽ നിന്നും പൊതുജനങ്ങൾക്ക് ആവശ്യമായ വിവിധ സർട്ടിഫിക്കറ്റുകൾ കമ്പ്യൂട്ടർ വഴിയാണ് നൽകിവരുന്നത്. (വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്)

(ബി) കൂടുതൽ അന്വേഷണം വേണ്ടിവരുന്ന കേസുകളിൽ രണ്ടു ദിവസങ്ങൾക്കകവും, അല്ലാത്തവ അതാതു ദിവസങ്ങളിലും വിതരണം ചെയ്യുന്നുണ്ട്. പരമാവധി പൊതുജനോപകാരപ്രദമായിതന്നെയാണ് സർട്ടിഫിക്കറ്റ് വിതരണം നടത്തിവരുന്നത്.

(സി) സംസ്ഥാനത്തെ 63 താലൂക്കാഫീസുകളിലും കമ്പ്യൂട്ടർ സ്ഥാപിച്ചിട്ടുണ്ട്. (വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.).

(ഡി) ഫണ്ട്, ഉദ്യോഗസ്ഥർ, ഉപകരണങ്ങൾ എന്നിവയുടെ ലഭ്യത അനുസരിച്ച് കഴിയുന്നതും വേഗം കമ്പ്യൂട്ടറൈസേഷൻ നടപടികൾ പൂർത്തിയാക്കുന്നതാണ്.

## <u>ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളുകളിൽ നടത്തിവരുന്ന സ്വാശ്രയ പ്ളസ് ടു കോഴ്സുകൾ</u>

*147. ശ്രീ. സി.പി. മുഹമ്മദ് :

ശ്രീ. കെ. ബാബു :

ശ്രീ. എം. മുരളി :

ശ്രീ. എൻ. ശക്തൻ :

ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളുകളിൽ സ്വാശ്രയ പ്ളസ് ടു കോഴ്സുകൾ നടത്തിവരുന്നുണ്ടോ;

(ബി) ഗവൺമെന്റ് സ്കൂളുകളിൽ സ്വാശ്രയ പ്ളസ്ടു കോഴ്സ് ആരംഭിക്കുന്നതിനെപ്പറ്റി പരിഗണിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച് എന്തു തീരുമാനമെടുത്തെന്ന് വ്യക്തമാക്കുമോ?

**<u>ഉത്തരം</u>**

**ശ്രീ. നാലകത്ത് സൂപ്പി (വിദ്യാഭ്യാസ വകുപ്പുമന്ത്രി) :-**

(എ) ഇല്ല.

(ബി) ഇല്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

## <u>വരൾച്ചാ ദുരിതാശ്വാസത്തിനായി കേന്ദ്രസഹായം</u>

*148. ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ :

ശ്രീ. കെ. പി. സതീശ് ചന്ദ്രൻ :

ശ്രീ. കെ.കെ. ജയചന്ദ്രൻ :

ശ്രീ. വി.കെ.സി മമ്മതുകോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഇടക്കാല വരൾച്ചാ ദുരിതാശ്വാസമായി കേന്ദ്രത്തോട് എന്തു തുകയാണ് കഴിഞ്ഞ സാമ്പത്തികവർഷം ആവശ്യപ്പെട്ടിരുന്നത്; ഇതിന്റെ ഇനം തിരിച്ചുള്ള വിവരം വെളിപ്പെടുത്താമോ;

(ബി) കേന്ദ്രം എന്തു സഹായമാണ് പ്രസ്തുത ആവശ്യത്തിലേക്കായി നൽകിയത്;

(സി) ദേശീയ ദുരിതാശ്വാസനിധിയിൽ നിന്ന് കഴിഞ്ഞ വർഷം എന്തു തുക ലഭിച്ചു ; ഇതിൽ എത്ര ചെലവാക്കി;

(ഡി) വരൾച്ചയുടെ വിശദാംശം സംസ്ഥാനം കേന്ദ്രത്തിന് നൽകിയിട്ടുണ്ടോ ;

(ഇ) വരൾച്ചാ ദുരിതാശ്വാസത്തിന്റെ ഭാഗമായി ഭവന-റോഡ് നിർമ്മാണത്തിന് സംസ്ഥാനം കേന്ദ്രത്തോട് സഹായം ആവശ്യപ്പെട്ടിരുന്നോ ; വിശദവിവരം നൽകുമോ?

**ഉത്തരം**

**ശ്രീ. കെ.എം. മാണി (റവന്യൂവും നിയമവും വകുപ്പുമന്ത്രി) :-**

(എ) മൂന്നു തവണകളിലായി ആകെ 1057 കോടി രൂപ ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിന്റെ ഇനം തിരിച്ചുള്ള വിവരം താഴെച്ചേർക്കുന്നു.

| | | കോടി രൂപയിൽ |
|---|---|---|
| 1) | നെൽകൃഷിനാശം | 59.07 |
| 2) | മറ്റു കാർഷിക വിളകൾ | 45 |
| 3) | ഇലക്ട്രിസിറ്റി ഉൽപ്പാദനത്തിന്റെ കുറവ് | 921 |
| 4) | കുടിവെള്ളം | 32 |
| | ആകെ | 1057.07 |

(ബി) പണമായി പ്രത്യേക കേന്ദ്രസഹായമൊന്നും ലഭിച്ചിട്ടില്ല. എന്നാൽ എസ്.ജി.ആർ.വൈ (സ്പെഷ്യൽ കമ്പോണന്റ്) പ്രകാരം 'ഫുഡ് ഫോർ വർക്ക്' സ്കീമിൽ ഉൾപ്പെടുത്തി വരൾച്ച ബാധിതപ്രദേശങ്ങൾക്ക് മൂന്നു ഗഡുക്കളായി 77,000 മെട്രിക്ടൺ അരി കേന്ദ്രം അനുവദിച്ചു.

(സി) 5560 ലക്ഷം രൂപ ലഭിച്ചു. ഈ തുകയും മുൻവർഷത്തെ നീക്കിയിരുപ്പും ഉൾപ്പെടെ സംസ്ഥാന പ്രകൃതിക്ഷോഭ ദുരിതാശ്വാസ നിധിയിൽ നിന്നും ചെലവഴിച്ചത് 7186 ലക്ഷം രൂപയാണ്.

(ഡി) ഉണ്ട്.

(ഇ) വരൾച്ചാ ദുരിതാശ്യാസത്തിന്റെ ഭാഗമായി റോഡുകൾ, ഭവനങ്ങൾ എന്നിവയ്ക്ക് കാര്യമായ നാശനഷ്ടങ്ങൾ വരാറില്ല. എന്നാൽ അത്തരം നാശനഷ്ടങ്ങൾ വെള്ളപ്പൊക്കക്കെടുതികൾ മൂലമാണ് സംഭവിക്കാറുള്ളത്. അതിന് പ്രത്യേക കേന്ദ്രസഹായം ആവശ്യപ്പെട്ടിട്ടുണ്ട്.

## റവന്യൂ വകുപ്പിൽ 'ഗുഡ് ഗവേണൻസ്' നടപ്പിലാക്കാൻ നടപടി

*149. ശ്രീ. എ. സുജനപാൽ :

ശ്രീ. ടി. എൻ. പ്രതാപൻ :

ശ്രീ. കെ. മുഹമ്മദാലി :

ശ്രീ. പി.ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പിൽ 'ഗുഡ് ഗവേണൻസ്' നടപ്പിലാക്കുവാൻ ഉദ്ദേശമുണ്ടോ;

(ബി) ഗുഡ് ഗവേണൻസ് പ്രകാരം എന്തെല്ലാം കാര്യങ്ങൾ നടപ്പാക്കുവാനാണ് ഉദ്ദേശിക്കുന്നത്;

(സി) 'ഗുഡ് ഗവേണൻസ്' പ്രായോഗികമാക്കുവാൻ എന്തെല്ലാം നടപടികളെടുത്തിട്ടുണ്ട്;

(ഡി) എല്ലാ ജില്ലാ കളക്ട്രേറ്റുകളിലും താലൂക്ക് ഓഫീസുകളിലും ഇതു സംബന്ധിച്ച നടപടി എപ്പോൾ പൂർത്തിയാക്കാനാണുദ്ദേശിക്കുന്നത് എന്ന് പറയാമോ?

**ഉത്തരം**

**ശ്രീ. കെ.എം. മാണി (റവന്യൂവും നിയമവും വകുപ്പുമന്ത്രി):-**

(എ) കോട്ടയം ജില്ലയിൽ ആദ്യമായും തുടർന്ന് എറണാകുളം ജില്ലയിലും സദ്ഭരണം നടപ്പിലാക്കിയിട്ടുണ്ട്.

(ബി) ഗുഡ് ഗവേണൻസ് പ്രകാരം നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന കാര്യങ്ങൾ താഴെപ്പറയുന്നു.

1. ജോലിയുടെ കാര്യത്തിൽ പ്രവർത്തനക്ഷമതയും സേവനകാര്യത്തിൽ ജനസംതൃപ്തിയും ഉയർത്തുക.
2. ഉദ്യോഗസ്ഥൻമാരിൽ പെരുമാറ്റ രീതികൾ മെച്ചപ്പെടുത്തുക
3. പ്രവർത്തന പാരമ്പര്യം നല്ലതാക്കുക.
4. പൊതുജനങ്ങളുടെ കാര്യത്തിൽ താൽപ്പര്യം, ബഹുമാനം, സഹായമനോഭാവം, സഹാനുഭൂതി എന്നിവ വളർത്തുക.
5. മൂല്യബോധം വളർത്തുക.

6. ഉയർന്ന ലക്ഷ്യബോധവും ആദർശങ്ങളിൽ അധിഷ്ഠിതമായി ജീവിത സ്വപ്നവും വളർത്തുക.

7. ജോലിയെ മനസ്സിലാക്കി അർത്ഥവത്തായി കണ്ടുകൊണ്ട് ആസ്വദിക്കാനുള്ള കഴിവ് വളർത്തുക.

(സി) 1. ഉപഭോക്താക്കൾക്ക് മുൻഗണന കൊടുക്കുക.

2. ഓഫീസിനേയും ഉദ്യോഗസ്ഥരേയും നിശ്ചിത സമയങ്ങളിൽ ആർക്കും സമീപിക്കാം എന്ന അവസ്ഥ സൃഷ്ടിക്കുക.

3. നിയമങ്ങൽ നടപടി ക്രമങ്ങൾ, മാനദണ്ഡങ്ങൾ, തീരുമാനങ്ങൾ എന്നിവയുടെ കാര്യത്തിൽ പൂർണ്ണമായ സുതാര്യത ഉറപ്പു വരുത്തുക.

4. ഉത്തരവാദിത്വങ്ഹലുടെ കാര്യത്തിൽ പൂർണ്ണമായ കണക്ക് ബോധിപ്പിക്കൽ (അക്കൗണ്ടബിലിറ്റി) ഉറപ്പു വരുത്തുക.

5. ഓഫീസിന്റെയും വ്യക്തിയുടേയും പ്രവർത്തനത്തിൽ കാര്യക്ഷമതയുടെ തോത് ഉയർത്തുക

6. സ്ഥാപനത്തിന്റെ പ്രവർത്തനത്തിൽ ഉയർന്ന ഫലപ്രാപ്തി (എഫക്റ്റീവ്നസ്) ഉറപ്പു വരുത്തുക.

7. വ്യക്തികളുടേയും സെക്ഷനുകളുടേയും പ്രവർത്തനവും നടപടിക്രമങ്ങളും പരമാവധി നവീകരിക്കുക.

8. നിയമങ്ങളും നടപടിക്രമങ്ങളും പരമാവധി ലഘൂകരിക്കുക.

9. ഇടമുറിയാത്ത സേവനം ഉറപ്പു വരുത്തുക.

10. ഉൽപ്പന്നങ്ങൾ, സേവനം എന്നിവയുടെ കാര്യത്തിൽ ഉപഭോക്താക്കൾക്ക് ഇഷ്ടമുള്ളത് തിരഞ്ഞെടുക്കാവുന്ന അവസ്ഥ സൃഷ്ടിക്കുക.

11. ഓഫീസിന്റെ പ്രവർത്തനത്തിൽ കമ്പ്യൂട്ടർ ഉൾപ്പെടെയുള്ള ആധുനിക സാങ്കേതികവിദ്യകൾ പരമാവധി ഉപയോഗിക്കുക.

12. ഓരോ ഓഫീസിലും ഉപഭോക്താക്കളുടെ അവകാശ പത്രിക തയ്യാറാക്കി പ്രദർശിപ്പിക്കുകയും അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുക.

13. ഓരോ ഉദ്യോഗസ്ഥന്റെയും പെരുമാറ്റം പരമാവധി മാന്യതയുള്ളതും തൃപ്തികരവുമാക്കുക.

14. സന്ദർശകർക്ക് അത്യാവശ്യമായ കുടിവെള്ളം, ടോയ്ലറ്റ് സൗകര്യം എന്നിവ ഉറപ്പു വരുത്തുക.

15. ഉദ്യോഗസ്ഥർക്ക് തുടർച്ചയായ പരിശീലനം കൊടുക്കുക.

(ഡി) ഈ പരിപാടി എല്ലാ തലങ്ങളിലേക്കും കഴിയുന്നത്ര വ്യാപിപ്പിക്കുന്നതാണ്.

## ഏകീകൃത സർവ്വകലാശാലാ നിയമം

*150. ശ്രീ. സി.ടി. അഹമ്മദ് അലി:
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. യു.സി. രാമൻ :
ശ്രീ. പി.കെ.കെ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ, കാലിക്കറ്റ്, മഹാത്മാഗാന്ധി, കേരള സർവ്വകലാശാലകൾക്കുവേണ്ടി ഏകീകൃത സർവ്വകലാശാലാ നിയമം കൊണ്ടുവരുന്നതിന് തീരുമാനമായോ;

(ബി) എങ്കിൽ സർവ്വകലാശാലയുടെ ഭരണപരവും ധനപരവുമായ ഉത്തരവാദിത്വം ഉറപ്പുവരുത്തുന്നതിനും സർവ്വകലാശാലകളുടെ അക്കാഡമിക് സ്വയംഭരണം നിലനിർത്തുന്നതിനും ആവശ്യമായ പരിരക്ഷകൾ വ്യവസ്ഥ ചെയ്യുമോ എന്ന് വ്യക്തമാക്കുമോ?

**ഉത്തരം**

**ശ്രീ. നാലകത്ത് സൂപ്പി (വിദ്യാഭ്യാസ വകുപ്പുമന്ത്രി):-**

(എ) ഏകീകൃത സർവ്വകലാശാല ബിൽ നിയമസഭയുടെ നടപ്പു സമ്മേളനത്തിൽ തന്നെ അവതരിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു.

(ബി) ആവശ്യമായ പരിരക്ഷകൾ വ്യവസ്ഥ ചെയ്യും.